"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. -എറണാകുളം ജില്ല - കൊച്ചി കോർപറേഷൻ - അയ്യപ്പൻക്കാവ് ഈസ്റ്റ് റോഡ് -ഡിവിഷൻ-69 - പുനരുദ്ധാരണ പ്രവൃത്തിയുടെ കരാറിലേർപ്പെടുന്നതിലുണ്ടായ കാലതാമസം സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.349/2025/DMD തീയതി,തിരുവനന്തപുരം, 25-05-2025

---

പരാമർശം:- 1. 29.06.2022 ലെ സ. ഉ. (സാധാ) നം. 540/2022/ഡി.എം.ഡി.

2. എറണാകുളം ജില്ലാകളക്ടറുടെ 21.05.2025 ലെ LSGD/JD/EKM/2267/2023-F1 നമ്പർ കത്ത്

**ഉത്തരവ്**

എസ്. ഡി. ആർ. എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (10 ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭയിൽ അയ്യപ്പൻകാവ് ഈസ്ററ് റോഡ് പുനരുദ്ധാരണ പ്രവൃത്തി എം.എൽ.എ. യുടെ ഓഫീസിൽ നിന്നും അറിയിച്ച പ്രകാരം അടിയന്തിര പ്രാധാന്യത്തോടെ ടി പ്രവൃത്തി ചെയ്ത് തീർക്കേണ്ടിവന്നതിനാൽ ജില്ലാകളക്ടറുടെ പ്രവർത്തനാനുമതി വാങ്ങാൻ സാധിക്കാതെ വന്നത് മനപ്പൂർവമല്ലാത്ത വീഴ്ചയായി പരിഗണിക്കണമെന്നും, കൂടാതെ ഭരണാനുമതി ലഭിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലായെന്നും ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രവൃത്തി കരാറിലേർപ്പെടുന്നതിലുണ്ടായ കാലതാമസം സാധൂകരിച്ച് പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കൊച്ചി നഗരസഭയിൽ അയ്യപ്പൻകാവ് ഈസ്ററ് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കരാറിലേർപ്പെടുന്നതിലുണ്ടായ കാലതാമസം സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിയ്ക്കുന്നതിന്

ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, എറണാകുളം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/120/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 26-05-2025 10:39:50

പകർപ്പ്:- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്